റബ്കോയുടെ വാഹനം ദുർവിനിയോഗം ചെയ്യുന്നതു തടയാൻ നടപടി

162 [3688] *ശ്രീ. ജോർജ് ജെ. മാത്യു:*
,, *എ. കെ. മണി:*
,, *ഡി. സുഗതൻ:*
പ്രൊഫ. കെ. വി തോമസ് :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോയുടെ വാഹനം അതിന്റെ വൈസ്പ്രസിഡന്റിന്റെ ഉപയോഗത്തിന് അനുവദിച്ചിട്ടുണ്ടോ;

(ബി) റബ്കോ വൈസ് പ്രസിഡന്റ് അതിന്റെ വാഹനം സ്വകാര്യ ആവശ്യത്തിനും അദ്ദേഹത്തിന്റെ രാഷ്ട്രീയ കക്ഷിയുടെ ആവശ്യത്തിനും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ;

(സി) റബ്കോയുടെ വാഹനം അതിന്റെ വൈസ്പ്രസിഡന്റ് ദുർവിനിയോഗം ചെയ്യുന്നത് സംബന്ധിച്ച് എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) & (സി) റബ്കോയ്ക്ക് നിലവിൽ വൈസ് പ്രസിഡന്റ് ഇല്ല.

മലനാട് കാർഷിക മാർക്കറ്റിംഗ് സൊസൈറ്റി

163 [3689] *ശ്രീ. സി. മോയിൻകുട്ടി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മലനാട് കാർഷിക മാർക്കറ്റിംഗ് സൊസൈറ്റി കർഷകർക്ക് ഏറെഗുണകരമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെമ്പർമാർക്കിടയിൽ മിതവ്യയം വളർത്തുന്നതിനും ചുരുങ്ങിയ തോതിൽ വായ്പകൾ ലഭ്യമാക്കുന്നതിനും വേണ്ടി മെമ്പേഴ്സ് മ്യൂച്ചൽ ബെനിഫിറ്റ് സ്കീം ആരംഭിക്കുന്നതിന് നിയമാവലി ഭേദഗതി ചെയ്യാൻ സംഘം പൊതുയോഗം തീരുമാനിച്ചതിന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കാമോ;

(ഡി) നിയമാവലി ഭേദഗതിക്ക് അനുമതി നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മാർക്കറ്റിംഗ് സഹകരണസംഘങ്ങൾക്ക് ക്രെഡിറ്റ് ബിസിനസ്സ് അനുവദനീയമല്ലാത്തതിനാൽ അനുവാദം നൽകിയിട്ടില്ല.

(ഡി) നിയമാവലി ഭേദഗതിക്കായി അപേക്ഷിച്ചിരുന്നതിൽ ക്രെഡിറ്റ് ബിസിനസ്സ് അനുവദിക്കുന്നതിനൊഴികെയുള്ള ഭേദഗതികൾ മുറപ്രകാരം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹൈക്കോടതി ഉത്തരവനുസരിച്ച് നിയമനം നടത്താൻ നടപടി

164 [3690] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ജനറൽ മാനേജരെ നിയമിച്ചതുമായി ബന്ധപ്പെട്ട കേസിൽ ഹൈക്കോടതി ഉത്തരവിനെ തുടർന്ന് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് ജില്ലാ ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പിലാക്കിയിട്ടില്ല.

ശ്രീ. ആർ. പി. രാജേന്ദ്രൻ സീനിയർ മോസ്റ്റ് ഡെപ്യൂട്ടി ജനറൽ മാനേജരായതിനാൽ, ജനറൽ മാനേജരുടെ തസ്തികയിൽ ചാർജ് കൊടുക്കണമെന്ന ആവശ്യം ന്യായമാണെന്ന് മാത്രമേ സഹകരണസംഘം രജിസ്ട്രാറുടെ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ ഒ. പി. നം.19209/2002-ന്റെ ഉത്തരവ് പ്രകാരം ശ്രീ. ആർ. പി. രാജേന്ദ്രനെ ജനറൽ മാനേജരുടെ തസ്തികയിലേയ്ക്ക് പ്രൊമോട്ട് ചെയ്യാൻ പാടില്ലായെന്നും ടിയാന്റെ പേരിൽ ക്രിമിനൽ കേസ് നിലനിൽക്കുന്നതിനാൽ ജനറൽ മാനേജരുടെ ചാർജ് നൽകരുതെന്നും നിർദ്ദേശിച്ചിട്ടുള്ള വിധി നിലനിൽക്കുന്നതിനാൽ സഹകരണസംഘം രജിസ്ട്രാറുടെ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്ന് ഇടുക്കി ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

GPM. 2/255/2012—25

LIBRARY ARCHIVES Kerala Legislative Assembly